ഫോൺ നമ്പർ : 0484-2101485
0484-2342485, 0484-2346091
ഇമെയിൽ : ceokl@wakf.gov.in
വെബ്സൈറ്റ് : wwwkeralastatewakfboard.in

# കേരള സംസ്ഥാന വഖഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി -682017

**നമ്പർ :ബി10-4828/2026** **തീയ്യതി : 07-09-2026**

**പ്രസിദ്ധീകരണത്തിന്: (എല്ലാ എഡിഷനുകളിലും)**

**കേരള സംസ്ഥാന വഖഫ് ബോർഡ് പലിശരഹിത ലോൺ സ്കോളർഷിപ്പ് - അപേക്ഷ ക്ഷണിക്കുന്നു**

2026–27 അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകളുടെ ഒന്നാം വർഷത്തിൽ പ്രവേശനം നേടിയ മുസ്ലിം വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന വഖഫ് ബോർഡ് നൽകുന്ന പലിശരഹിത ലോൺ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. മുൻ പരീക്ഷയിൽ 80% മാർക്കോ തത്തുല്യ ഗ്രേഡോ നേടിയവരും കുടുംബത്തിന്റെ വാർഷിക വരുമാനം 2,50,000/-ൽ താഴെയുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യരായ 200 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതാണ്.

അപേക്ഷാഫോം ബോർഡിന്റെ വെബ്സൈറ്റായ www.keralastatewakfboard.in-ൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് 2026 ഒക്ടോബർ 31-നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്, ഇന്റർനാഷണൽ സ്റ്റേഡിയത്തിന് സമീപം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി-682017 എന്ന വിലാസത്തിൽ ലഭ്യമാക്കണം. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

KERALA STATE WAQF BOARD COCHIN 682 017 ERNAKULAM

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**(ഇൻ ചാർജ്ജ്)**

പകർപ്പ്:

1) നോട്ടീസ് ബോർഡ്, കേരള സംസ്ഥാന വഖഫ് ബോർഡ്, ഹെഡ്ഓഫീസ്, എറണാകുളം.
2) എല്ലാ ഡിവിഷണൽ വഖഫ് ഓഫീസർമാർക്കും, കാസർഗോഡ് എക്സ്റ്റൻഷൻ കൗണ്ടർ ഓഫീസർ ഇൻ–ചാർജ്ജിനും.
3) ഹെഡ്ഓഫീസിലെ ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യുന്നതിന്.
4) വെബ്സൈറ്റ്, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്.

# കേരള സംസ്ഥാന വഖഫ് ബോർഡ് ലോൺ സ്കോളർഷിപ്പ്

## 2026–27

### പൊതു നിർദ്ദേശങ്ങൾ

1. 2026-27 അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്നവർക്ക് മാത്രം അപേക്ഷിക്കാം.
2. +2/12-ാം ക്ലാസ് പരീക്ഷയിൽ കുറഞ്ഞത് 80% മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡ് നേടിയിരിക്കണം.
3. അപേക്ഷകന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം 2,50,000/-ൽ താഴെ ആയിരിക്കണം.
4. +2/12-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കണം.
5. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ 200 വിദ്യാർത്ഥികളെ ലോൺ സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കുന്നതാണ്.
6. തിരഞ്ഞെടുക്കപ്പെടുന്നവർ ബോർഡ് ആവശ്യപ്പെടുന്ന പ്രകാരം 200/- രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കി ഒപ്പിടുകയും രണ്ട് ജാമ്യക്കാരെ ഹാജരാക്കുകയും വേണം. കരാറിന്റെ എല്ലാ പേജുകളിലും വായ്പയെടുക്കുന്ന വിദ്യാർത്ഥിയും ജാമ്യക്കാരും ഒപ്പിടേണ്ടതാണ്.
7. ജാമ്യക്കാരിൽ ഒരാൾ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ-സ്ഥാപനം/സ്വയംഭരണ സ്ഥാപനങ്ങൾ/സഹകരണ ബാങ്ക്/സൊസൈറ്റി എന്നിവയിൽ ജോലി ചെയ്യുന്നയാളായിരിക്കണം. അല്ലെങ്കിൽ, ജാമ്യക്കാരിൽഒരാൾ വായ്പയെടുക്കുന്നയാളുടെ പിതാവ്/മാതാവ്/ സഹോദരൻ/സഹോദരി എന്നിവരിൽ വരുമാനമുള്ള വ്യക്തിയായിരിക്കാം.
8. ജാമ്യക്കാരനായി ഹാജരാകുന്ന ഉദ്യോഗസ്ഥൻ പ്രത്യേക ഫോമിൽ ജാമ്യ ഉറപ്പ് നൽകേണ്ടതാണ്.
9. പ്രതിമാസം രൂപ 5,000/- വീതം ലോൺ അനുവദിക്കുന്നതാണ്.
10. കോഴ്സ് പൂർത്തിയാക്കി 6 മാസത്തിനുശേഷം തിരിച്ചടവ് ആരംഭിക്കുകയും, തുടർന്ന് 24 മാസത്തിനകം വായ്പാ തുക പൂർണ്ണമായി തിരിച്ചടയ്ക്കുകയും വേണം. വായ്പാ തുകയ്ക്ക് പലിശ ഈടാക്കുന്നതല്ല.
11. നിശ്ചിത തിരിച്ചടവ് കാലാവധി കഴിഞ്ഞും വായ്പാ തുക തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തുന്ന പക്ഷം, തുക യഥാസമയം തിരിച്ചടയ്ക്കാത്തതുമൂലം ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിനും, പ്രസ്തുത തുക മറ്റൊരു അർഹനായ വിദ്യാർത്ഥിക്ക് അനുവദിക്കാൻ കഴിയാത്തതുമൂലമുള്ള അവസരനഷ്ടത്തിനും പരിഹാരമായി 12% നിരക്കിൽ നഷ്ടപരിഹാരത്തുക ഈടാക്കുന്നതാണ്.
12. അപേക്ഷാഫോം കേരള സംസ്ഥാന വഖഫ് ബോർഡിന്റെ വെബ്സൈറ്റായ www.keralastatewakfboard.inൽനിന്നുംഡൗൺലോഡ്ചെയ്ത്പൂരിപ്പിക്കേണ്ടതാണ്
13. പൂരിപ്പിച്ച അപേക്ഷകൾ 2026 ഒക്ടോബർ 31-നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്, ഇൻറർനാഷണൽ സ്റ്റേഡിയത്തിന് സമീപം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി-682017 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

# KERALA STATE WAQF BOARD

**HEAD OFFICE, V.I.P.ROAD, KALOOR, KOCHI-682 017**

## APPLICATION FOR LOAN SCHOLARSHIP

(Under revolving Loan Scholarship Scheme)

| | | | |
|---|---|---|---|
| Name of the Student (In Capital Letters) | | | |
| Address for communication<br><br>Dist: Pin: | | Permanent Address:<br><br>Dist: Pin: | |
| House No: | Street / Road | Panchayath / Corporation | |
| Village : | | Taluk: | |
| Age & Date of Birth: | | Sex : Male / Female | |
| Email : | | Phone No: | |
| Parent`s / Guardian`s Name : | | Address for communication of the parent / Guardian. | |
| Relationship with the student: | | | |
| Occupation of the parent / Guardian | | Annual income : | |
| **Academic Details** | | | |
| Qualifying Examination passed: | | | |
| Marks obtained in the qualifying Examination ( **Enclose copy of the Mark List** ) | | Total Marks:<br><br>Percentage : | |
| Name & Address of Institution admitted / selected or professional course ( Give details with month & year) | | | |
| Admission No: | | Admission Date: | |
| Name of course: | | Duration of course: | |
| Date of completion of course (Give details with month & year) | | | |

**DECLARATION**

I hereby declare that all the statement made in the above application are true, complete and correct to the best of my knowledge and belief. I have read and understood the stipulation given in the advertisement and hereby undertake to abide by them.

Place :

Date : Name & Signature of the Parent / Guardian Name & Signature of the Applicant

**OFFICE USE ONLY**

Application No:

Date of Application:

Date of Sanction :

Remarks:

**ADMINISTRATIVE CUM ACCOUNTS OFFICER**